REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-07-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. വയനാട്, കണ്ണൂർ ജില്ലകളിൽ അതി തീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ചുവപ്പ് ജാഗ്രത. എട്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.
- ഡോ. എം.എസ്. വല്യത്താൻ അന്തരിച്ചു, വിടവാങ്ങിയത് ലോകപ്രശസ്ത ഹൃദയശസ്ത്രക്രിയ വിദഗ്ധൻ.
- NEET-UG വിവാദവുമായി ബന്ധപ്പെട്ട ഒരു കൂട്ടം ഹർജികൾ സുപ്രീം കോടതി പരിഗണിക്കുന്നു.
- ജനസേവനത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച യഥാർത്ഥ ജനനേതാവായിരുന്നു ഉമ്മൻ ചാണ്ടിയെന്ന് രാഹുൽ ഗാന്ധി. ഉമ്മൻ ചാണ്ടിയുടെ ഒന്നാം ചരമവാർഷികാചരണം പുതുപ്പള്ളിയിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തു.
- ഏഷ്യാ കപ്പ് വനിതാ ട്വന്റി 20 ക്രിക്കറ്റ് ടൂർണമെന്റിന് നാളെ ശ്രീലങ്കയിൽ തുടക്കം. ഇന്ത്യ, പാകിസ്ഥാനെ നേരിടും.

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. വടക്കൻ കേരളത്തിലും മധ്യകേരളത്തിലും മഴ ശക്തമാണ്. വടക്കൻ കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദ്ദ പാത്തി രൂപപ്പെട്ടതാണ് മഴ കനക്കാൻ കാരണം. വയനാട്, കണ്ണൂർ ജില്ലകളിൽ നേരത്തെ പ്രഖ്യാപിച്ചിരുന്ന**

ഓറഞ്ച് ജാഗ്രത അതി തീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ചുവപ്പ് ജാഗ്രതയാക്കി. കാസർകോട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം, കോട്ടയം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി. ഞായറാഴ്ച വരെ കനത്ത മഴ തുടരുമെന്നും തിങ്കളാഴ്ച വരെ മഴ ലഭിക്കുമെന്നുമാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പ്.

✪✪✪

കണ്ണൂർ ജില്ലയിൽ രാവിലെ മുതൽ അതിശക്തമായ മഴയാണ് പെയ്യുന്നത്. മിക്ക പുഴകളും കരകവിഞ്ഞു. വളപട്ടണം, ശ്രീകണ്ഠപുരം, ചെങ്ങളായി, കക്കാട് പുഴകൾ നിറഞ്ഞൊഴുകുകയാണ് പലയിടത്തും ഗതാഗതം തടസ്സപ്പെട്ടു. കക്കാട്, പടന്നപ്പാലം ഭാഗങ്ങളിൽ റോഡിൽ വെള്ളം കയറി. മട്ടന്നൂരിനടുത്ത് മണ്ണൂർ നായിക്കാലിയിൽ പുനർനിർമാണം നടക്കുന്ന റോഡ് വീണ്ടും ഇടിഞ്ഞു ഗതാഗതം മുടങ്ങി. ചെറുവാഞ്ചേരി - കൂത്തുപറമ്പ് റോഡിൽ വെള്ളം കയറി ഗതാഗതം തടസപ്പെട്ടു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O SASIDHARAN.

............വോയ്സ്.............

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടിയിൽ മതിൽ തകർന്ന് റോഡിലേക്ക് വീണു. റോഡിലൂടെ പോകുകയായിരുന്ന കുട്ടികൾ ഓടിമാറിയതിനാൽ അത്ഭുതകരമായി രക്ഷപ്പെട്ടു.

✪✪✪

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇറങ്ങേണ്ടിയിരുന്ന വിമാനം കനത്ത മഴയെ തുടർന്ന് കൊച്ചി നെടുമ്പാശേരി വിമാനത്താവളത്തിലിറക്കി. പുലർച്ചെ കുവൈത്തിൽ നിന്നെത്തിയ എയർ ഇന്ത്യ എക്സ്പ്രസ്സാണ് നെടുമ്പാശേരിയിലിറക്കിയത്.

✪✪✪

കോഴിക്കോട് ബാലുശ്ശേരി റൂട്ടിൽ യാത്ര ദുഷ്ക്കരമായി. തണ്ണീർ പന്തലിൽ റോഡിലെ വെള്ളക്കെട്ട് കാരണം ബസുകൾ വഴിതിരിച്ചുവിട്ടു. ബൈപ്പാസ് പ്രവൃത്തികൾ നടക്കുന്നതിനാൽ ഇതു വഴിയായിരുന്നു ബസുകൾ സർവീസ് നടത്തിയിരുന്നത്.

✪✪✪

കോഴിക്കോട് കക്കയം ഡാമിലെ ജലനിരപ്പ് 755.5 മീറ്റർ ആയി ഉയർന്നു. ഇതേ തുടർന്ന് ഡാമിൽ പ്രാഥമിക മുന്നറിയിപ്പായ ബ്ലൂ അലർട്ട് പ്രഖ്യാപിച്ചു.

✪✪✪

ലക്ഷദ്വീപിൽ കഴിഞ്ഞ 4 ദിവസങ്ങളിലായി ശക്തമായ കാറ്റും മഴയും തുടരുകയാണ്.

തീരപ്രദേശങ്ങളിൽ പ്രത്യേകിച്ച് അഗത്തി, അമിനി, ആന്ത്രോത്ത്, കവരത്തി, മിനിക്കോയ് തീരങ്ങളിൽ കടൽ

പ്രക്ഷുബ്ധമാകാനും ഉയർന്ന തിരമാലകൾക്ക് സാദ്ധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

ലോകപ്രശസ്ത ഹൃദയശസ്ത്രക്രിയാ വിദഗ്ധൻ ഡോ. M.S.വല്യത്താൻ മണിപ്പാലിൽ അന്തരിച്ചു. അദ്ദേഹത്തിന് 90 വയസ്സായിരുന്നു. തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ ആദ്യ ഡയറക്ടറും മണിപ്പാൽ യൂണിവേഴ്സിറ്റിയുടെ ആദ്യ വിസിയുമായിരുന്നു.

ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലൂടെയാണ് അദ്ദേഹം മലയാളികൾക്കിടയിൽ സുപരിചിതനായത്. ഹൃദയ ശസ്ത്രക്രിയാ മേഖലയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിയ പരീക്ഷണങ്ങളിലെ വിജയം ഇന്ത്യയിൽ ഹൃദയ ശസ്ത്രക്രിയാ മേഖലയിൽ വലിയ മാറ്റവും പുരോഗതിയും സൃഷ്ടിച്ചു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആദ്യ ബാച്ചിലായിരുന്നു ഡോ. എം.എസ് വല്യത്താന്റെ എംബിബിഎസ് പഠനം. ശ്രീചിത്രയിൽ ഇരുപത് വർഷത്തോളം സേവനം ചെയ്തശേഷമാണ് ഡോ. വല്യത്താൻ മണിപ്പാൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായത്.

ആരോഗ്യ സാങ്കേതികവിദ്യയ്ക്ക് നൽകിയ സംഭാവനകൾക്ക് 1990-ൽ പത്മശ്രീയും 2005-ൽ പത്മവിഭൂഷനും നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു.

✪✪✪

ഡോ. M.S വല്യത്താന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. വൈദ്യശാസ്ത്ര ലോകത്തിന് കേരളം നൽകിയ മഹത്തായ സംഭാവനയാണ് ഡോ. വല്യത്താനെന്ന് മുഖ്യമന്ത്രി പറഞ്ഞു. പരമ്പരാഗതവും ആധുനികവുമായ വൈദ്യശാസ്ത്ര ചികിത്സാ സമ്പ്രദായങ്ങളെ സമന്വയിപ്പിച്ച് മുന്നോട്ടുപോയ ജനകീയ ഭിഷഗ്വരനായിരുന്നു അദ്ദേഹമെന്നും മുഖ്യമന്ത്രി അനുസ്മരിച്ചു.

✪✪✪

ആരോഗ്യ മേഖലയ്ക്ക് ഡോ. എം.എസ്. വല്യത്താൻ നൽകിയ സംഭാവനകൾ നിസ്തുലമാണെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിക്കുന്ന സമയത്ത് ചെലവ് കുറഞ്ഞതും നൂതനവുമായ മെഡിക്കൽ സാങ്കേതിക വിദ്യകൾ രൂപപ്പെടുത്തുന്നതിൽ കൂടുതൽ ഊന്നൽ നൽകിയതായി മന്ത്രി പറഞ്ഞു.

✪✪✪

ഛത്തീസ്ഗഢിൽ ഇന്നലെ രാത്രി വൈകി മാവോയിസ്റ്റുകൾ നടത്തിയ ആക്രമണത്തിൽ പ്രത്യേക ദൗത്യസേനയിലെ രണ്ട് ജവാൻമാർ വീരമൃത്യു വരിച്ചു. നാല് ജവാൻമാർക്ക് പരിക്കേറ്റു. സംസ്ഥാനത്തെ ബീജാപൂർ, സുക്മ ജില്ലകളുടെ അതിർത്തിയിൽ മാവോയിസ്റ്റുകൾക്കെതിരെ സ്പെഷൽ ടാസ്ക് ഫോഴ്സ് സംഘം ഓപ്പറേഷൻ നടത്തുന്നതിനിടെയാണ് മാവോയിസ്റ്റുകൾ സ്ഫോടക

വസ്തുക്കൾ ഉപയോഗിച്ച് ആക്രമണം നടത്തിയതെന്നാണ് റിപ്പോർട്ട്. പരിക്കേറ്റ ജവാന്മാരെ വ്യോമമാർഗ്ഗം ആശുപത്രിയിലേക്ക് മാറ്റി.

✪✪✪

ഒമാൻ തീരത്ത് മുങ്ങിയ എണ്ണക്കപ്പലിൽ കുടുങ്ങിയ 16 ജീവനക്കാരിൽ ഒരാൾ മരിച്ചു. ഒൻപത് പേരെ രക്ഷപ്പെടുത്തി. ഇവരിൽ എട്ട് പേർ ഇന്ത്യക്കാരും ഒരാൾ ശ്രീലങ്കൻ സ്വദേശിയുമാണ്. ബാക്കി 6 ജീവനക്കാർക്കായി തിരച്ചിൽ തുടരുകയാണ്.

ഒമാൻ മാരിടൈം സെക്യൂരിറ്റി സെന്ററിന്റെ നേതൃത്വത്തിൽ നടക്കുന്ന തിരച്ചിൽ പ്രവർത്തനങ്ങളിൽ ഇന്ത്യൻ നാവികസേന കപ്പലായ ഐഎൻഎസ് ടെഗും സമുദ്ര നിരീക്ഷണ വിമാനമായ ബോയിംഗ് P-8I ഉം സജീവമായി പങ്കെടുക്കുന്നുണ്ട്.

കഴിഞ്ഞ തിങ്കളാഴ്ച പുലർച്ചെയാണ് കൊമോറോസ് പതാക വഹിക്കുന്ന എണ്ണക്കപ്പലായ പ്രസ്റ്റീജ് ഫാൽക്കൺ ഒമാൻ തീരത്ത് മുങ്ങിയത്.

✪✪✪

NEET-UG വിവാദവുമായി ബന്ധപ്പെട്ട ഒരു കൂട്ടം ഹർജികൾ സുപ്രീം കോടതി പരിഗണിക്കുന്നു. ചീഫ് ജസ്റ്റിസ് D.Y ചന്ദ്രചൂഡ്, ജസ്റ്റിസ് J.B പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചാണ് 40 ഓളം ഹർജികൾ പരിഗണിക്കുന്നത്. വ്യവഹാരങ്ങളുടെ ബാഹുല്യം ഒഴിവാക്കുന്നതിനായി NEET-UG തർക്കവുമായി ബന്ധപ്പെട്ട് വിവിധ ഹൈക്കോടതികളിൽ നിലനിൽക്കുന്ന കേസുകൾ

സുപ്രീം കോടതിയിലേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ട് എൻടിഎ സമർപ്പിച്ച ഹർജികളും ഇതിൽ ഉൾപ്പെടുന്നു.

✪✪✪

ജസ്റ്റിസുമാരായ എൻ കോടീശ്വർ സിങ്ങും R.മഹാദേവനും സുപ്രീം കോടതി ജഡ്ജിമാരായി സത്യപ്രതിജ്ഞ ചെയ്തു. ചീഫ് ജസ്റ്റിസ് ജസ്റ്റിസ് D.Y ചന്ദ്രചൂഡ് സത്യവാചകം ചൊല്ലിക്കൊടുത്തു.

ജസ്റ്റിസ് കോടീശ്വർ സിംഗ് ജമ്മു കശ്മീർ, ലഡാക്ക് ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്നു. ജസ്റ്റിസ് ആർ മഹാദേവൻ മദ്രാസ് ഹൈക്കോടതി ജഡ്ജിയായിരുന്നു.

✪✪✪

മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന ഉമ്മൻചാണ്ടി ഓർമ്മയായിട്ട് ഇന്നേക്ക് ഒരു വർഷം. ഏറെ വേദനിപ്പിച്ച വേർപാടിന്റെ ഓർമ്മയിലാണ് രാഷ്ട്രീയ കേരളം. ജനസമ്പർക്കം കൊണ്ടുതന്നെ ജനകീയത അടയാളപ്പെടുത്തിയ ഉമ്മൻചാണ്ടിക്ക് മനസാക്ഷിയായിരുന്നു എന്തിനും മാനദണ്ഡം.

നേതാക്കളുടെ നേതാവും അണികളുടെ ആവേശവുമായിരുന്ന ഉമ്മൻചാണ്ടിക്ക് അനുയായികളില്ലാത്തൊരു വാർഡ് പോലും കേരളത്തിൽ ഉണ്ടായിരുന്നില്ല.

✪✪✪

അചഞ്ചലമായ അർപ്പണബോധത്തോടെ, ജന സേവനത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച യഥാർത്ഥ ജനനേതാവായിരുന്നു ഉമ്മൻ ചാണ്ടിയെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അനുസ്മരിച്ചു. ഉമ്മൻചാണ്ടിയുടെ യാത്രയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പാരമ്പര്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും രാഹുൽ എക്സിൽ കുറിച്ചു.

ഒരു ജനപ്രതിനിധി എന്ന നിലയിലും മന്ത്രി മുഖ്യമന്ത്രി എന്നീ നിലകളിലും ജനനായകന്റെ സത്ത ഉൾക്കൊണ്ട് അദ്ദേഹം ജനസേവനം ചെയ്തു.

കരുണയും എളിമയും പ്രതിബദ്ധതയുമുള്ള കേരള ചരിത്രത്തിന്റെ മായാമുദ്രയായ ഒരു ജനനേതാവായി ഉമ്മൻ ചാണ്ടി ആഘോഷിക്കപ്പെടുന്നുവെന്നും രാഹുൽ വ്യക്തമാക്കി.

✪✪✪

ഉമ്മൻ ചാണ്ടിയുടെ ഒന്നാം ചരമവാർഷികാചരണം ഉമ്മൻ ചാണ്ടി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പുതുപ്പള്ളിയിൽ നടന്നു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തു. ഓർത്തഡോക്സ് സഭാ അധ്യക്ഷൻ മാർതോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ അധ്യക്ഷനായിരുന്നു.

കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ഉച്ച കഴിഞ്ഞ് മൂന്നിന് കോട്ടയത്ത് നടക്കുന്ന അനുസ്മരണ സമ്മേളനം എഐസിസി ജനൽ സെക്രട്ടറി കെ സി വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.

✪✪✪

ഉമ്മൻചാണ്ടിയുടെ ഇച്ഛാശക്തി ഇല്ലായിരുന്നുവെങ്കിൽ വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാവില്ലായിരുന്നുവെന്ന് കെ.മുരളീധരൻ പറഞ്ഞു. കോഴിക്കോട് DCC സംഘടിപ്പിച്ച ഉമ്മൻചാണ്ടി അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

***

ഏഷ്യാ കപ്പ് വനിതാ ട്വന്റി 20 ക്രിക്കറ്റ് ടൂർണമെന്റിന് നാളെ ശ്രീലങ്കയിലെ ദാംബുള്ളയിൽ തുടക്കമാവും. ഉദ്ഘാടന മത്സരത്തിൽ ഗ്രൂപ്പ് എയിൽ യു.എ.ഇയും നേപ്പാളും ഏറ്റുമുട്ടും. രാംഗിരി ദംബുള്ള അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഉച്ചക്ക് രണ്ടിനാണ് മത്സരം. നിലവിൽ ചാമ്പ്യന്മാരായ ഇന്ത്യ, ഗ്രൂപ്പ് എയിലെ മറ്റൊരു മത്സരത്തിൽ പാകിസ്ഥാനെ നേരിടും.

***

സിവിൽ എക്സൈസ് ഉദ്യോഗസ്ഥരുടെ പാസിങ് ഔട്ട് പരേഡ് തിരുവനന്തപുരത്ത് നടന്നു. പാസിങ് ഔട്ട് പരേഡിൽ മന്ത്രി M.B രാജേഷ് അഭിവാദ്യം സ്വീകരിച്ചു. 173 ഉദ്യോഗസ്ഥരാണ് ട്രെയിനിങ് പൂർത്തിയാക്കിയത്.

***

വ്യാപാരി വ്യവസായി സമിതി മുൻ സംസ്ഥാന പ്രസിഡന്റ് ബിന്നി ഇമ്മട്ടിയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. വ്യാപാരി വ്യവസായി സംഘടനയെ മുന്നോട്ട് നയിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച വ്യക്തിയായിരുന്നു അദ്ദേഹമെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

കുഴഞ്ഞുവീണ് ചികിത്സയിലായിരുന്ന ബിന്നി ഇമ്മട്ടി ഇന്നലെയാണ് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ മരിച്ചത്. അദ്ദേഹത്തിന് 63 വയസ്സായിരുന്നു. സംസ്കാരം വൈകിട്ട് നാലിന് തൃശൂരിലെ മാർ യോഹന്നാൻ മാംദാന പള്ളി സെമിത്തേരിയിൽ നടക്കും.

✪ ✪ ✪

പൊന്നാനിയിൽ മൂന്ന് മലമ്പനി കേസുകൾ സ്ഥിരീകരിച്ച സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് DMO ഡോ. ആർ രേണുക. ഒരു മാസത്തിനുള്ളിൽ പനി ബാധിച്ചവർ ഗവണ്മെന്റ് ആശുപത്രിയിൽ രക്ത പരിശോധന നടത്തണമെന്നും DMO അറിയിച്ചു.

✪ ✪ ✪

സ്വർണ വില കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് 54,880 രൂപയായി. 6,860 രൂപയാണ് ഇന്നത്തെ ഗ്രാം വില.

✪ ✪ ✪

കന്നഡികർക്ക് സ്വകാര്യമേഖലയിൽ തൊഴിൽ സംവരണം ഉറപ്പാക്കുന്ന കരട് ബിൽ കർണാടക ഗവണ്മെന്റ് പിൻവലിച്ചു. മാനേജ്മെന്റ് തസ്തികകളിൽ 50ഉം ഇതര തസ്തികകളിൽ 75 ഉം സ്വകാര്യ മേഖലയിലെ ഗ്രൂപ്പ് സി, ഡി തസ്തികകളിൽ 100 ശതമാനവും സംവരണം നൽകാൻ നിർദേശിക്കുന്നതായിരുന്നു ബിൽ.

✪ ✪ ✪

തദ്ദേശ തെരഞ്ഞെടുപ്പിന് മുന്നോടിയായി ദേശീയ നേതാക്കൾക്ക് കോർപ്പറേഷനുകളുടെ ചുമതല നൽകിയത്

**നല്ല തീരുമാനമാണെന്ന് KPCC മുൻ പ്രസിഡന്റ് കെ മുരളീധരൻ കോഴിക്കോട്ട്  മാധ്യമങ്ങളോട് പറഞ്ഞു.**